# കേരള കാർഷിക സർവ്വകലാശാല

കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,
ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര
Email: cohagmet@kau.in & kauagmet@yahoo.co.in

## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ

## തൃശ്ശൂർ ജില്ല ഒല്ലൂക്കര ബ്ലോക്ക്

കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

എ.എ.എസ് 06/2020 (11), ചൊവ്വാഴ്ച | തീയ്യതി 04.02.2020

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:** കഴിഞ്ഞ ആഴ്ച്ച വെള്ളാനിക്കരയിൽ മഴ ലഭിച്ചില്ല. ഏറ്റവും ഉയർന്നതാപനില 34.0 മുതൽ 35.9 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 21.0 മുതൽ 23.2 ഡിഗ്രി സെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 73 മുതൽ 93 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 36 മുതൽ 46 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 1.9 മുതൽ 5.9 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനം പ്രതി 6.4 മുതൽ 9.8 മണിക്കൂറും, ബാഷ്പീകരണം ദിനം പ്രതി 3.2 മുതൽ 5.0 മില്ലി.മീറ്റർ വരെയും ആയിരുന്നു.

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 05.02.2020 | 06.02.2020 | 07.02.2020 | 08.02.2020 | 09.02.2020 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 0 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C) | 35 | 35 | 35 | 35 | 35 |
| കുറഞ്ഞ താപനില (°C) | 23 | 23 | 23 | 23 | 23 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 72 | 72 | 72 | 72 | 72 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 44 | 44 | 44 | 44 | 44 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 14 | 14 | 12 | 8 | 16 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 270 | 250 | 250 | 250 | 320 |
| മേഘവ്യാപ്തി (ഒക്ട) | 2 | 2 | 5 | 4 | 3 |
| ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും കെ.എ.യുവിന്റെയും പ്രവചനമനുസരിച്ച് ജില്ലയിൽ മഴ ഇല്ലാത്ത സാഹചര്യത്തിലും വര അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേ താണ്. | | | | | |

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| പൊതു നിർദ്ദേശങ്ങൾ: വിളകളെ രോഗകീടങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിന്, മുൻകരുതലായി ജൈവകീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുക. | | |
| നെല്ല് (പാലുറയ്ക്കുന്ന പരുവം) | ചാഴി | നെല്ലിലെ ചാഴിയെ നിയന്ത്രിക്കാൻ രണ്ട് മി.ലി മാലത്തിയോൺ ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. (ചാഴിക്കെതിരെ കീടനാശിനികൾ പ്രയോഗിക്കുന്നത് രാവിലെ 9 മണിക്ക് മുമ്പോ, വൈകീട്ട് 3 മണിക്കു ശേഷമോ ആയിരിക്കണം അല്ലെങ്കിൽ മരുന്നുതളി പരാഗണത്തെ പ്രതികൂലമായി ബാധിക്കും.) |
| മുളക് | വെള്ളീച്ച | മുളകിൽ വെള്ളീച്ചയുടെ ആക്രമണം കാണാൻ സാധ്യതയുണ്ട്. രണ്ട് ശതമാനം വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളി എമൾഷൻ തളിക്കുക. അല്ലെങ്കിൽ ലെക്കാനിസീലിയം ലെക്കാനി എന്ന മിത്രകുമിൾ 20ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ പത്തു ദിവസം ഇടവിട്ട് തളിക്കുക. |
| വാഴ | | വരണ്ട കാലാവസ്ഥയിൽ മണ്ണിൽ ബോറോണിന്റെ അഭാവം കാണുന്നതിനാൽ വാഴയിൽ ഒരു ഗ്രാം ബോറാക്സ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക. |
| മൃഗസംരക്ഷണം | കുരലടപ്പൻ, കുളമ്പ് രോഗം എന്നിവയുടെ പ്രതിരോധകുത്തിവെപ്പ് എടുക്കുക. ചാണക പരിശോധന നടത്തി ആവശ്യമെങ്കിൽ വിര മരുന്ന് നൽകുക.(CAADECCS, KVASU, മണ്ണുത്തി) | |